കർഷകത്തൊഴിലാളി പെൻഷൻ

46 [478] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകത്തൊഴിലാളി പെൻഷൻ ആനുകൂല്യം ലഭിച്ചിട്ടുള്ളത് എത്രപേർക്കാണ് എന്നും ഇതിൽ എത്ര സ്ത്രീകൾ ഉണ്ടെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പെൻഷനിൽ ഏത് കാലയളവുവരെയുള്ള കുടിശ്ശിക തീർത്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ബാക്കിയുള്ള കുടിശ്ശിക തീർത്തുനൽകുവാൻ എന്തു തുക വേണ്ടി വരുമെന്നാണ് കണക്കാക്കപ്പെടുന്നത്;

(ഡി) ഈ കുടിശ്ശിക തീർത്തുനൽകുവാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

(ഇ) ഈ വർഷം വിഷുവിന് മുമ്പ് കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനാവശ്യമായ തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30-4-2002-ലെ കണക്കു പ്രകാരം 5,85,069 ഗുണഭോക്താക്കൾക്ക് കർഷകത്തൊഴിലാളി പെൻഷൻ നൽകിയിട്ടുണ്ട്. ഇതിൽ സ്ത്രീകളുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടില്ല.

(ബി) 30-4-2002 വരെ.

(സി) 1-5-2002 മുതൽ 31-12-2003 വരെ 20 മാസത്തെ കുടിശ്ശിക നൽകുവാൻ 151 കോടി രൂപയോളം വേണ്ടി വരും.

(ഡി) 2003-2004-ലെ ബഡ്ജറ്റിൽ ക്ഷേമപെൻഷനുകളുടെ കുടിശ്ശിക തീർത്തു നൽകുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക കൊടുത്തു തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly